ശ്രീ. എ. ജെ. ജോൺ : അതുകൊണ്ടാണ് നിയമിച്ചിരിക്കുന്നത്. ഇതുവരെയുള്ള തെല്ലാംകൂടി ചേർത്ത് പരസ്യപ്പെടുത്തുവാനാണ് നിയമിച്ചിരിക്കുന്നത്.

Mr. Speaker: The question is—"That a sum of Rs. 8,085 be granted under 14—Administration of Justice 'D'—Law Officers."

The demand was passed and the grant was made

16 (a) Police contingencies—Purchase and upkeep of Motor Vehicles

Sri. A. J. John: I move for a grant of Rs. 47,000 under Head 16 (*a*) Police Contingencies—Purchase and Upkeep of Motor Vehicles.

പോലീസ് ഡിപ്പാർട്ടുമെന്റിലേക്ക്, പ്രത്യേകിച്ച് ആംഡ് റിസർവ്വിലേക്ക് മൂന്ന് മോട്ടോർ കാർ വാങ്ങിക്കേണ്ടത് അത്യാവശ്യമാണെന്ന ഗവൺമെന്റിനു ബോദ്ധ്യം വന്നതിനാലാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. ഒന്നുമായി വ മോട്ടോർകാർ വാങ്ങണമെന്നാണ് പൊലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഇപ്പോൾ വന്നത്. എന്നാൽ മൂന്നെണ്ണം വാങ്ങിയാൽ മതിയെന്ന് ഗവൺമെന്റിൽനിന്നും ഓർഡർ ചെയ്യുകയും അതനുസരിച്ച് വാങ്ങിയതിലേക്കുള്ള ൪൭,൦൦൦ രൂപ അനുവദിക്കണമെന്ന് അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

Sri. N. Kunjuraman: I second it.

ശ്രീ. ഇട്ടിര അമ്മുക്കൻ : ൪൭,൦൦൦ രൂപ ഒരു മോട്ടോർകാറിനു വിലവന്നത് അതിന്റെ ബാഡിക്കുംകൂടിയാണോ?

ശ്രീ. എ. ജെ. ജോൺ : എല്ലാംകൂടി ചേർത്താണ്.

ശ്രീ. ഇട്ടിര അമ്മുക്കൻ : ഏതു കമ്പനിമുഖാന്തിരമാണ് ഈ വണ്ടികൾ വാങ്ങിയത്?

ശ്രീ. എ. ജെ. ജോൺ : ഏതു കമ്പനിമുഖാന്തിരമാണ് വരുത്തിയതെന്നുള്ള വിവരം റിക്കാർഡ് നോക്കി അറിയിക്കാം.

ശ്രീ. ഇട്ടിര അമ്മുക്കൻ : ആരുടെ ഏജൻസിമുഖാന്തിരമാണ് വരുത്തിയത്? കൊളുത്തുങ്കൽ പോത്തൻ മുഖാന്തിരമാണോ?

ശ്രീ. എ. ജെ. ജോൺ : അല്ല.

ശ്രീ. ഏ. சிதம்பரநாத நாடார் : ஸர், இந்தக் கோரிக்கையை நான் எதிர்க்கிறேன். நாட்டில் இப்போது எங்குபார்த்தாலும் ஒரே குழப்பமாய் இருக்கிறது. இதற்குக் காரணம் இந்த போலீஸ்தான். ஸர், போலீசின் வேலை என்ன? நாட்டில் அமைதி நிலவச் செய்வதற்கும், குழப்பங்கள் நேரிடாமல் பார்த்துக்கொள்வதற்கும், நாட்டின் மக்களை பாதுகாப்பதற்கும், போலீஸ்படை ஏற்படுத்தப்பட்டிருக்கிறது. போலீஸ் நிர்வாகமும் நல்லமுறையில் நடக்கவேண்டும். தற்போது எங்கும், எந்த இடத்திலும் குழப்பமாகத்தான் இருக்கிறது. இதற்குக்காரணம் போலீஸ்தான் என்று யாரும் மறுக்கவோ மறைக்கவோ முடியாது. ஸர், இன்று இருக்கிற மந்திரிகள் இந்த ராஜபீடத்திற்கு வருவதற்கு முன்னால் எங்கேயாவது குழப்பம் நடக்கிறதென்று சொன்னால சௌகரியமாகக் காப்பி எல்லாம் குடித்துவிட்டு போலீஸ்போவது வழக்கம். ஆனால் தற்போது என்ன நடக்கிறது? இந்த மந்திரிசபை வந்தபிறகு எங்கேயாவது கம்யூனிஸ்டு குழப்பமோ அல்லது வேறு ஏதாவது குழப்பமோ நடந்தது என்று சொன்னால் போதும், எவனாவது சும்மாவாவது ஒரு குழப்பம் என்று சொன்னால் போதும். உடன் தானே போலீஸ் ரிஸர்வ் துப்பாக்கி சகிதம் போலீஸ் வானில் ஏறிக்கொண்டு அந்த இடம் நோக்கி வந்துவிடுவார்கள். குழப்பம் நடக்காவிட்டாலும் அங்குள்ள ஆண் பெண் குழந்தைகள் எல்லோரையும் தாய் தகப்பன் என்றுகூட பார்க்காமல் அங்குள்ளவர்களை அடித்து நொறுக்கிவிடுவார்கள். ஐயோ .....கடவுளே.....மனிதவேட்டை நடத்திவிட்டு திரும்புவார்கள். போலீஸ் வானையும் அவர்களிஷ்டம்போல் உபயோகிக்கக் கொடுத்துவிட்டால் பின்பு அவர்களது தில்லை நடராஜ நடனத்தைப்பார்த்தால் மனிதனாக பிறந்த எவனும் பார்த்து சகிக்க முடியாது. இந்தமாதிரி இங்கும் கொச்சியிலும், எங்கும் நடக்கிறது. இவர்கள் இந்த வாசன்களை ஓட்டிக்கொண்டு போகிற முறையைப்பார்த்தால் திடுக்கிடச் செய்யும். இந்தத் தொகையை அனுமதிக்க வேண்டுமென்று பிரதான மந்திரிக்

LIBRARY ARCHIVES Kerala Legislative Assembly

கும் மந்திரி சபைக்கும் எண்ணமிருக்குமானால் இவர்களுக்கு இந்த நாட்டில் குழப் பங்களே உண்டுபண்ணத்தான் ஆசையிருக்கிறது என்று சொல்வேன். ஆகையால் எந்தக்காரணம் பற்றியும் இந்தத் தொகையை அனுமதிக்கக் கூடாது என்று கேட்டுக் கொள்கிறேன்.

ശ്രീ. ആർ. കെ. രാമ്: സർ, இதை நான் எதிர்க்கிறேன். இந்த இனத்தில் அதிகதொகை ஏற்கனவே அனுமதிக்கப்பட்டிருக்கிறது. அது போதாது என்றுமேலும் 47000 ரூ. முன்பே வாங்கின மூன்று வான்களுக்கு கொடுக்க கேட்கப்படுகிறது. ஒரு van ன் விலை என்ன? ஆவைகளை வாங்க என்ன ஆவசியம் தற்போது ஏற்பட்டிருக்கிறது என்பது ஒன்றும் சொல்லப்படவில்லை. மேலும் இயற்கையாகவே போலீஸிலிருக்கும் van கள் சரியான முறையில் உபயோகிக்கப்படுகின்றனவா என்று கேட்டால், இல்லை என்றே சொல்வேன். சர், காலையிலும், மாலையிலும் நான் அநேக யிடங்களில் van கள் ஓடுவதைத்தான் பார்த்திருக்கிறேன். இவைகளில் சில வேளைகளில் டிரைவர் மாத்திரமிருப்பான். சில சமயங்களில் போலீஸ் அல்லாது வேறு யாராவது இருப்பார்கள். போலீஸின் உபயோகத்திற்காக வாங்கப்படும் வண்டிகள் அவர்களுக்கு உபயோகப்படாமல், மற்றவர்களுக்கு உபயோகப்படுமானால் அது பொது மக்களின் பணத்தை மற்றவர்கள் சாப்பிடுவதற்கு ஏதுவாகிறது. இந்தமாதிரி ஒருபெரிய தொகையை van கள் வாங்குவதற்கு அனுமதிக்கக்கூடாது என்று இதை எதிர்க்கிறேன்.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാനും ഈ അഭ്യർത്ഥനയെ എതിർക്കുകയാണ് ചെയ്യുന്നതു്. എന്റെ മറ്റു സ്നേഹിതന്മാർ പറഞ്ഞ കാരണങ്ങൾകൊണ്ടല്ല ഞാൻ ഇതിനെ എതിർക്കുന്നതു്. എപ്പോഴും ഞാൻ മറ്റു ചിലർ പറയുന്ന കാരണങ്ങൾ കൊണ്ടല്ല എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്നതു്. ഇന്നത്തെ സ്ഥിതിഗതികളിൽ, യഥാർത്ഥത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറ് ഭരണം ശരിയായിട്ടു നടക്കണമെങ്കിൽ ഇതുമാത്രം തുക നീക്കിവച്ചതുകൊണ്ടു് യാതൊരു ഫലവും ഇല്ല. തിരുവിതാംകൂറിലെ ഇന്നത്തെ സ്ഥിതി മുൻകാലങ്ങളിലത്തേതിൽ വ്യത്യസ്തമാണു്. മുൻകാലങ്ങളിൽതന്നെ പോലീസുകാർക്കു് ഭരണം ഊർജ്ജിതമായി നടത്തുന്നതിനു് ആവശ്യമുള്ളടത്തോളം വാഹനങ്ങൾ ഇല്ല. ഒരു കൊലക്കേസു് എവിടെയെങ്കിലും നടന്നിരിക്കുകയാണെന്നു് ആരെങ്കിലും വിവരം പോലീസ്സിൽ അറിയിച്ചാൽ ആ വിവരം അറിയിക്കുന്നവനു് ഉപദ്രവവും ധനനഷ്ടവും ഉണ്ടാകുകയാണു് പതിവു്. കാരണം കേസന്വേഷിക്കാൻ പോകുന്നതിനു് അവശ്യംവേണ്ട വാഹനങ്ങൾ പോലീസു് സ്റ്റേഷനിൽ ഇല്ലാത്തതാണു്. വിവരം അറിയിച്ച ആൾ പോലീസ്സിനു് കയറിപോകുന്നതിനു കാറുകൊണ്ടുകൊടുക്കുകതന്നെ വേണ്ടിയിരിക്കുന്നു. മാത്രമല്ല. എപ്പോഴെല്ലാം പോലീസുകാർക്കു് കാർ ആവശ്യമുണ്ടോ അപ്പോഴെല്ലാം അടുത്തുള്ള കാറുടമസ്ഥാന്മാർ അവർക്കു കാർ കൊടുക്കേണ്ടതായിരിക്കുകയുമാണു്. ഈവിധം വൃഥാ കാർ ഉപയോഗിക്കാൻ നൽകുന്നതിനു പകരം ടാക്സിക്കുള്ള പെർമിറ്റില്ലാതെ ടാക്സി നടത്താൻ പോലീസുകാർ അവരെ അനുവദിക്കുകയാണു് ചെയ്യുന്നതു്. ഈവിധം പെർമിറ്റു കൂടാതെ ഓടിക്കുന്ന ധാരാളം ടാക്സി കാറുകൾ രാജ്യത്തിന്റെ നാനാഭാഗത്തും ഇപ്പോൾ ഉള്ളതായി കാണാം. ഇന്നു ഇവിടെ പോലീസ് ഡിപ്പാർട്ടുമെൻറധികൃതർ, ഞാൻ പറയുന്നതു് മന്ത്രിമാരെക്കുറിച്ചാണു്, ഈ വസ്തുതയെപ്പറ്റി ഒന്നന്വേഷിക്കേണ്ടതാണു്. അത്യാവശ്യമായി എവിടെയെങ്കിലും കേസന്വേഷിക്കുന്നതിനു പോകേണ്ടിവരികയാണെങ്കിൽ പോലീസിനു് അതിലേക്കാവശ്യംവേണ്ട വാഹനങ്ങൾ ഇല്ല. എന്റെ അഭിപ്രായത്തിൽ ഓരോ സ്റ്റേഷനിലേക്കും ഓരോ ജീപ്പെങ്കിലും നൽകേണ്ടതാണു്. ടെലിഫോൺ ഇല്ലാത്ത എത്രയോപോലീസ് സ്റ്റേഷനുകൾ ഉണ്ടു്. ടെലിഫോൺ കണക്ഷൻ ഇല്ലാത്തതോടുകൂടി ശീഘ്രത്തിലെത്തുന്നതിനു് ആവശ്യംവേണ്ട വാഹനങ്ങളും ഇല്ലെങ്കിൽ എങ്ങനെ വിവരം അറിയിക്കും, എത്രരൂപത്തിൽ തെളിവുകൾ തേഞ്ഞുമാഞ്ഞുപോകുന്നതിനുമുൻപു് തെളിവുകൾ ശേഖരിക്കും, കുറ്റവാളികൾ ഒളിവിലാകുന്നതിനുമുൻപു് അവരെ അറസ്റ്റു് ചെയ്യുന്നതു് ഏതു വിധം? ഗവൺമെൻറ് ഈ കാര്യത്തിൽ വലിയ ലുബ്ധു് കാണിച്ചിരിക്കുകയാണു്. അതു ഗവൺമെൻറിനും നാട്ടുകാർക്കും പൊതുവേയും, ഉപദ്രവകരവും ദുഷ്കരവുമാണെന്നു് ഇനിയെങ്കിലും അറിയണമെന്നപേക്ഷ. പൊതുകാര്യമായി ചിലവാക്കേണ്ട ആവശ്യങ്ങൾക്കു പണം ചെലവാക്കുകയില്ല, ആവശ്യമില്ലാത്ത കാര്യങ്ങൾക്കു് പണം ചെലവാക്കും, ഇതാണു് ഗവൺമെണ്ടിന്റെ ഇന്നത്തെ നടപടി. ഈ കാര്യങ്ങൾക്കു് പണം ചെലവാക്കും, ഇതാണു് ഗവൺമെണ്ടിന്റെ ഇന്നത്തെ നടപടി. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

കേസു നടന്നു, അതിനെ സംബന്ധിച്ചു് ഉടൻതന്നെ വേണ്ട അന്വേഷണം നടത്തി കുറേക്കാരെ അറസ്റ്റ് ചെയ്യുന്നതിനു് വാഹനസൗകര്യമില്ലാത്തതിനാൽമാത്രം സാധിക്കാതെവരുന്ന അവസരങ്ങളിലെല്ലാം, പ്രതികൾ കമ്മ്യൂണിസ്റ്റുകാർ, അവർ ഭൂമിത്തിൽ പോയ്ക്കളഞ്ഞു എന്ന സമാധാനം പറയുകയാണു് പതിവു്. ഈ വിഭ്യ കമ്മ്യൂണിസ്റ്റുകാക്കു് ഇല്ലാത്ത പ്രാമാണ്യം ഉണ്ടാക്കി കൊടുക്കുന്നതിനുമാത്രം ഉപകരിക്കും. ഇന്നത്തെ നിലയിൽ പോകുകയാണെങ്കിൽ നാം കൂടുതൽ ഗുരുതരമായ സ്ഥിതിഗതികളിലെത്തിച്ചേരുന്നതാണു്. വാഹനങ്ങൾക്കായി നാം അനുവദിക്കുന്ന തുകയിൽ ഭൂരിഭാഗവും ചില ഉദ്യോഗസ്ഥന്മാരുടെ സ്വന്ത ആവശ്യങ്ങൾക്കായി ചിലവാക്കുകമാത്രമാണു് ചെയ്യുന്നതു്. വാഹനങ്ങളിൽ പലതിനേയും അക്ഷരാർ ഉപയോഗിക്കുകയാണു്. എനിക്കു നേരിട്ടറിയാവുന്ന ഒരു വസ്തുത പറയാം. അധികൃതന്മാക്കു് നേരിട്ടന്വേഷിക്കുവാൻ സന്മനസ്സുണ്ടാകണം. ഇവിടത്തെ ആം'ഡു് റിസർവ്വിൽ ഉള്ള ഒരു വാൻ പതിവായി ക്യാംപിൽനിന്നു മണക്കാട്ടു വരെ പ്രഭാതത്തിലും സായാഹ്നത്തിലും ഓടിച്ചുവരുന്നുണ്ടു്. അതു ആ ആഫീസിൽ ഉള്ള ചില ക്ലാർക്കന്മാരേയും മറ്റും കേറ്റിക്കൊണ്ടു് ആഫീസിലേക്കു് വരുന്നതിനും തിരിച്ചുകൊണ്ടുചെന്നാക്കുന്നതിനുമാണു്. ഈ വിധത്തിൽ പതിവായിട്ടു നടന്നുകൊണ്ടിരിക്കുകയാണു്. വാൻ വച്ചിരിക്കുന്നതു് ക്ലാർക്കന്മാർക്കെല്ലാം ആഫീസിൽ കേറിപ്പോകാനല്ല. ഈ വസ്തുത ശരിയാണന്നന്വേഷിച്ചാലറിയാവുന്നതാണു്. ഒഫീഷ്യലായിട്ടു് ഇതിനെ സംബന്ധിച്ചു് എഴുത്തുകുത്തു നടത്തിയാൽ ഒരുപക്ഷേ അവർ അതു് ഡിനൈചെയ്യേക്കും. സംഭവം പഴപടി തുടർന്നുകൊണ്ടുപോയേക്കും. നേരെമറിച്ചു് അതിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ചു് കാര്യം ചോദിക്കുകയും മേലാലെങ്കിലും അവിധം നടത്താതിരിക്കാൻ ഏർപ്പാടുചെയ്യുകയുംചെയ്താൽ ചില അവസരം ഫലം ഉണ്ടായേക്കാം. അല്ലാതെ കടലാസ്സിൽ എഴുതിയാൽ അങ്ങനെ ചെയ്യാറില്ലെന്ന അധികാരമുള്ള ഉദ്യോഗസ്ഥന്മാർ പറയുകയും, ഇനിയും അപ്രകാരം നടന്നുകൊണ്ടിരിക്കുകയും ചെയ്യും. എല്ലാ പോലീസ് സ്റ്റേഷനിലേക്കും ഓരോ വാനെങ്കിലും കൊടുക്കേണ്ടതാണു്, പൊൻമുടിയിൽ ഒരു കൊലക്കേസു് ഉണ്ടാകുകയാണെങ്കിൽ നെടുമങ്ങാട്ടുള്ള പോലീസുകാക്കു് അവിടെ എത്തിച്ചേരുന്നതിനു് നാലഞ്ചുദിവസംവേണ്ടിവരുകയാണു് ചെയ്യുന്നതു്. മൂന്നുദിവസം സ്റ്റേഷനിൽ വിവരം അറിയുന്നതിനും ഉദ്യോഗസ്ഥന്മാക്കു് നടന്നവിടെ എത്തുന്നതിനും സാധിക്കുകയുള്ളു. ഈ മൂന്നുദിവസവും, സകല തെളിവുകളും സൂക്ഷിച്ചുകൊണ്ടു് പ്രതി അവിടെതന്നെ കാത്തിരിക്കുകയാണെങ്കിൽ നമ്മുടെ പോലീസ്, പ്രതിയെ അറസ്റ്റ് ചെയ്യും കേസും തെളിയിക്കും. അല്ലെങ്കിൽ അതും കമ്മ്യൂണിസ്റ്റുക്രമമാണെന്നു് തന്നേറിടിക്കും. ആശവ്യമില്ലാത്ത പലതിനും ആയി നിർലോഭം ധനം വ്യയംചെയ്യുന്ന ഇന്നത്തെ ഗവണ്മെന്റിനു്, ഓരോ സ്റ്റേഷനിലേക്കും ഓരോ വാൻ വാങ്ങുന്നതിനു് ആവശ്യംവേണ്ടിടത്തോളം ധനാഭ്യർത്ഥനകൊണ്ടുവരാമായിരുന്നു. അതവർ കൊണ്ടുവന്നിട്ടില്ല. ഇതുയും വസ്തുതകൾ ഗവണ്മെൻറ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണു്, ഈ അഭ്യർത്ഥനയെ ഞാൻ എതിർത്തതു്.

ശ്രീ. ഇട്ടീര അയ്യപ്പൻ: സർ, ഒരു കാര്യമാണു് എനിക്കു ഗവണ്മെന്റിനോടു് പറയുവാനുള്ളതു്. ചിലർ പറഞ്ഞു ഈ വാൻ ഉദ്യോഗസ്ഥന്മാർ സ്വന്ത ആവശ്യത്തിനുവേണ്ടിയാണു് ഉപയോഗിക്കുന്നതു എന്നു്. ഏതെങ്കിലും ഒരു കേസു് അന്വേഷിക്കാൻ പോകയാണെങ്കിൽ വാൻ അത്യാവശ്യമാണു്. ശരിതന്നെ. എന്നാൽ കേസൊന്നുമില്ലാതെ അന്വേഷിക്കാൻ പോകുന്നതെന്തിനാണു്? വല്ലവരും വല്ല സ്ഥലത്തും കേസുണ്ടായി എന്നു പറഞ്ഞാൽ ഉടനെ വാനിൽ കേറി പോലീസുകാർ പോകേണ്ടയാവശ്യമില്ല. എന്റെ അഭിപ്രായത്തിൽ ഒരു മോട്ടോർസൈക്കിളും ഓരോ സ്റ്റേഷനിലും കൊടുക്കണമെന്നാണു്. മോട്ടോർസൈക്കിളും കൊടുക്കുകയാണെങ്കിൽ വളരെ അധികം ചെലവും ലാഭിക്കാം. സംഭവം നടക്കുന്ന എന്നു അറിഞ്ഞാൽ മോട്ടോർസൈക്കിളിൽ കയറി അവിടെ ചെന്നന്വേഷിക്കണം. സംഭവം നടന്നുപെങ്കിൽമാത്രം വന്ന വാൻകൊണ്ടുപോയാൽ മതി. മാത്രമല്ല, വാൻ വരുന്നതോടുകൂടി ജനങ്ങൾക്കും ഒരു ഭീതി ഉണ്ടാക്കുന്നുണ്ടു്. ജനങ്ങളെ പരിഭ്രാന്തരാക്കാതിരിക്കാൻവേണ്ടി ഈ മോട്ടോർസൈക്കിളുകൾ കൊടുക്കുവാൻ ഗവണ്മെൻറ് ശ്രമിച്ചാൽ മതി.

ശ്രീ. എ. ജെ. ജോൺ: സർ, ആം'ഡു് റിസർവിന്റെ ജോലി ശരിയായി നടത്തുന്ന ആവശ്യത്തിലേക്കു് മുന്നു വാൻ വാങ്ങേണ്ടയാവശ്യത്തിലേക്കാണു് ഈ ഗ്രാൻറ് അവതരിപ്പിച്ചിരിക്കുന്നതു്. ബഹു. മെമ്പർ പൊന്നറ ശ്രീധർ അവർകൾ പറഞ്ഞു, ഓരോ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനിലും മാരോ ജീപ്പെങ്കിലും ഉണ്ടായിരിക്കണമെന്ന്. അത് ആവശ്യമാണെന്ന ഗവ ൺമെണ്ടിനു് ബോദ്ധ്യമുണ്ടെങ്കിലും അതിനാവശ്യമുള്ള പണം തല്ക്കാലം വിനിയോഗിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് എല്ലാ സ്റ്റേഷനിലും ഇപ്പോൾ വാൻ കൊടുക്കാത്തത്. മി. ശ്രീധറിന്റെ നിർദ്ദേശം നല്ലതാണെന്ന ഗവൺമെൻറ് സമ്മതിക്കുന്നു. പിന്നിട് കാർ വാങ്ങിച്ചതിനെ സംബന്ധിച്ച് ഇവിടെ ചോദ്യങ്ങളുണ്ടായി. കാർ മൂന്നിനും കൂടി ഉള്ള വില നാല്പത്തിയറായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊന്ന രൂപാ നാലണയാണ്. അതുകെ മുപ്പത്തിയൊരായിരത്തി എഴുനൂറു രൂപ മെഷീൻ മുതലായവക്കും പതിനോരായിരത്തി എഴുനൂറു രൂപാ ബാഡി പണിയുന്നതിലേക്കും രണ്ടായിരത്തി അഞ്ഞൂററി എൺപത്തിയൊന്ന രൂപാ നാലണ സെയിൽസ് ടാക്സിനും കൂടിയാണ്.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ഇതിനു കാൺട്രാക്റ്റ് കൊടുത്തതു് ആരാണ്.

ശ്രീ. എ. ജെ. ജാൺ: ഐ. ജി.

ശ്രീ. പി. ടി. ചാക്കോ: ഇതുകൂടാതെ കട്ടംസൺ കാർ വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: ഗവൺമെൻറ് കൺഫോം ചെയ്തിട്ടല്ലേ ഐ. ജി. കാൺട്രാക്റ്റ് കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ആക്കാണ് കാൺട്രാക്റ്റ് കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ: കേളുത്തുങ്കൽ കാർപ്പറേഷനു്.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: സർ, അതിലെ മാനേജരായ മി. കൊളുത്തുങ്കൽ പോത്തൻ ഒരു കമ്മ്യൂണിസ്റ്റാണെന്നറിയാമോ?

(No answer).

Mr. Speaker: The question is:

"That a sum of Rs. 47,000 be granted under 16 (*a*) Police—Contingencies—Purchase and Upkeep of Motor Vehicles".

The demand was passed and the grant was made

21. Public Health and Sanitation

Sri. A. J. John: Sir, I move for a supplementary grant of Rs. 4,300 under Demand 21. Public Health and Sanitation—A. Public Health (f) Control of Filariasis—Contingencies. മനിസിപ്പാലിറ്റികൾക്കു് ഗ്രാൻറ് കൊടുക്കുന്നതിനു മുപ്പത്തിമൂവായിരത്തി അഞ്ഞൂറു രൂപയാണ് അനുവദിച്ചിരുന്നതു്. അതു പോരാതെവന്നിട്ടുണ്ടു്. അതുകൊണ്ടാണു് അഡീഷനലായി ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിൽ നിന്നും കൊയിലോൺ, കോട്ടയം, ആലപ്പുഴ, നാഗർകോവിൽ ഈ സ്ഥലങ്ങളിൽ കൊതുകു നിവാരണം സംബന്ധിച്ചുള്ള നടപടികൾ നടത്തുന്നുണ്ടു്. നാഗർകോവിൽ മുനിസിപ്പാലിറ്റിക്കു് ൩൦൦൦ രൂപാ വിശേഷാൽ ഗ്രാൻറ് കൊടുത്തിട്ടുണ്ടു്. കോട്ടയത്തിനു ൫൯൯൯ രൂപാ ഫൻ ചക്രം വ കാശു് ഗ്രാൻറായി കൂടുതൽ കൊടുത്തിട്ടുണ്ടു്. ആലപ്പുഴക്കു് ൧൯൦൦ രൂപാ കൂടുതലായി കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: സർ, രൂപാ ചക്രം കാശു് ഇപ്പോൾ ഗവൺമെൻറ് ട്രാൻസാക്ഷൻസു് ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇതു് അന്നത്തെ കണക്കനുസരിച്ചുള്ള ചെലവാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: സർ, കൊല്ലത്തെ കൊതുകുനിവാരണജോലി വിജയത്തിലെത്തിയിട്ടില്ല. കാരണം അവിടത്തെ മുനിസിപ്പാലിറ്റിയിൽ നിന്നുമല്ല ഈ ജോലി നടത്തുന്നതു്. പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെണ്ടിലുള്ള ആളുകളാണു് ഈ ജോലി നടത്തുന്നതു്. ചില ഭാഗങ്ങളിൽ കൊതുകിന്റെ ശല്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇതിനെസംബന്ധിച്ചു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ഈ കൊതുകു് നിവാരണത്തിനു് എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: എന്തെല്ലാമോ തൈലങ്ങൾ തളിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly